Page 1 of 2

കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പുതിയതായി സൃഷ്ടിച്ച 8 ഡോക്ടർമാരുടെയും ഒരു ഡെന്റൽ സർജന്റെയുമടക്കം 17 ഡോക്ടർമാരുടെ തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിച്ച അഞ്ച് പേരടക്കം 15 ഡോക്ടർമാർ ജോലി ചെയ്യുന്നു. ഇവിടെ പുതിയതായി സൃഷ്ടിച്ച തസ്തികയടക്കം ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2-ന്റെ നാലും, ലാബ് ടെക്നീഷ്യന്റെ രണ്ടും ഒഴിവുകൾ ഉണ്ട്.

അഗളി സി.എച്ച്.സി.-യിൽ പുതിയതായി സൃഷ്ടിച്ച ഡോക്ടർമാരുടെ 8 തസ്തികൾ അടക്കം 13 ഡോക്ടർന്മാരുടെ തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിച്ച ഏഴ് പേരടക്കം 13 പേർ ജോലി ചെയ്യുന്നുണ്ട്. സ്റ്റാഫ് നേഴ്സിന്റെ പുതിയതായി സൃഷ്ടിച്ച 9 തസ്തികകളും കൂടി കണക്കിലെടുക്കുമ്പോൾ 9 ഒഴിവുകളുണ്ട്. ഈ ഒഴിവുകളിൽ 9 പേരും ലാബ് ടെക്നീഷ്യന്റെ തസ്തികയിലെ ഒഴിവിൽ ഒരാളും അഡ്ഹോക്ക് വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2-ന്റെ രണ്ടും, ഫാർമസിസ്റ്റിന്റെ രണ്ടും, ലാബ് ടെക്നീഷ്യന്റെ ഒന്നും ഒഴിവുകൾ നിലവിലുണ്ട്.

പി.എച്ച്.സി. പുതൂരിൽ പുതിയതായി സൃഷ്ടിച്ച 4 ഡോക്ടർമാരുടേതടക്കം 5 ഡോക്ടർമാരുടെ തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ മാത്രം 4 പേർ ജോലി ചെയ്യുന്നു. സ്റ്റാഫ് നേഴ്സിന്റെ ഒഴിവുള്ള 6 തസ്തികകളിൽ 6 പേരും ലാബ് ടെക്നീഷ്യന്റെ ഒഴിവുള്ള ഒരു തസ്തികയിൽ ഒരാളും അഡ്ഹോക്ക് വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2-ന്റെ മൂന്നും, ഡ്രൈവറുടെ ഒന്നും ഒഴിവുകൾ നിലവിലുണ്ട്.

ഈ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് സർജന്റെ ഒഴിവുകളും സ്പെഷ്യാലിറ്റി തസ്തികയിലെ ഒഴിവുകളും നികത്തുന്നതിനുള്ള നടപടികൾ ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ചുവരുന്നു.

പാരാമെഡിക്കൽ ജീവനക്കാരുടേയും മറ്റ് അനുബന്ധ ജീവനക്കാരുടെയും ഒഴിവുകൾ നികത്തുന്നതിനായി നടപടികൾ ജില്ലാ മെഡിക്കൽ ഓഫീസുവഴി സ്വീകരിച്ചുവരുന്നു.

### ഫുഡ്സേഫ്റ്റി നിയമപ്രകാരം ലൈസൻസും രജിസ്ട്രേഷനും

7 (*67) ശ്രീ. രാജു എബ്രഹാം :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കൾ വിപണനം നടത്തുന്നവർക്ക് ഫുഡ് സേഫ്റ്റി നിയമപ്രകാരം ലൈസൻസോ രജിസ്ട്രേഷനോ നിർബന്ധമാക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത വ്യാപാരികളെല്ലാം രജിസ്ട്രേഷൻ എടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലൈസൻസ് നൽകുന്നതിനായി എന്തൊക്കെ നിബന്ധനകളാണുള്ളത് ; പരിശോധന നടത്തിയശേഷമാണോ ലൈസൻസും രജിസ്ട്രേഷനും നൽകുന്നത് ;

(സി) സംസ്ഥാനത്ത് വ്യാപകമായി ഭക്ഷ്യയോഗ്യമല്ലാത്തതും മായം കലർന്നതുമായ ആഹാര പദാർത്ഥങ്ങൾ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതു തടയാനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ നിലവിൽ മറ്റെന്തെങ്കിലും ലൈസൻസുള്ളവർക്ക് ഭക്ഷ്യസുരക്ഷാ ലൈസൻസോ രജിസ്ട്രേഷനോ കരസ്ഥമാക്കുന്നതിന് 2014 ആഗസ്റ്റ് 5 വരെ Food Safety and Standards Authority of India സമയം ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കൾ വിപണനം ചെയ്യുന്ന മുഴുവൻ വ്യാപാരികളും ഭക്ഷ്യസുരക്ഷാ ലൈസൻസ് കരസ്ഥമാക്കിയിട്ടില്ല. ഇതിനകം 30,439 വ്യാപാരികൾ ലൈസൻസും 160365 രജിസ്ട്രേഷനും കരസ്ഥമാക്കിയിട്ടുണ്ട്.

(ബി) 2011-ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് റെഗുലേഷനിലെ (ലൈസൻസിംഗ് ആന്റ് രജിസ്ട്രേഷൻ ഓഫ് ഫുഡ് ബിസിനസ്) അനക്ഷർ 2-ൽ ഇത് സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) Food Safety and Standards Authority of India നിർദ്ദേശപ്രകാരം ലൈസൻസോ രജിസ്ട്രേഷനോ നൽകുന്നതിന് നിലവിൽ പരിശോധന നടത്തുന്നില്ല.

(സി) ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സംസ്ഥാന വ്യാപകമായി സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന കർശനമാക്കിയിട്ടുണ്ട്. സംസ്ഥാന വ്യാപകമായി ഈ വർഷം മാത്രം ഇതിനകം 1342 ഭക്ഷ്യ വ്യാപാര സ്ഥാപനങ്ങൾ പരിശോധിക്കുകയും 346 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 14 സ്ഥാപനങ്ങൾ അടപ്പിച്ചിട്ടുള്ളതും 1,86,000 രൂപ പിഴയായി ഈടാക്കിയിട്ടുള്ളതുമാണ്. കൂടാതെ വെളിച്ചെണ്ണയിൽ വ്യാപകമായി മായം ചേർക്കുന്നുവെന്ന പരാതി ലഭിച്ചതിന്റെയടിസ്ഥാനത്തിൽ പ്രധാനപ്പെട്ട എല്ലാ ചെക്ക് പോസ്റ്റുകളിലും പ്രത്യേക സ്ക്വാഡുകളെ നിയോഗിച്ച് വെളിച്ചെണ്ണയുമായി സംസ്ഥാനത്തേക്ക് വരുന്ന മുഴുവൻ ലോറികളിൽ നിന്നും സാമ്പിളുകൾ കർശനമായ പരിശോധനയ്ക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷം മാത്രമേ നിലവിൽ കടത്തിവിടുവാൻ അനുവാദം നൽകുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly